# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജൂൺ 12**

---

## എം.ജി സർവകലാശാലയ്ക്ക് യുആർട്ടിക്ക് അംഗത്വം

ധ്രുവ മേഖലകളിൽ പഠന, ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും രാജ്യാന്തര കൂട്ടായ്മയായ യൂണിവേഴ്സിറ്റി ഓഫ് ദ ആർട്ടിക്കിൽ(യുആർട്ടിക്) മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് അംഗത്വം. നോർവെയിലെ ബോഡോയിൽ നടന്ന വാർഷിക സമ്മേളനമാണ് സർവകലാശാലയിലെ ഇൻറർനാഷണൽ സെൻറർ ഫോർ പോളാർ സ്റ്റഡീസിന്(ഐസിപിഎസ്) അംഗത്വം നൽകാൻ തീരുമാനിച്ചത്.

ധ്രുവ മേഖല കേന്ദ്രീകരിച്ച് ഐസിപിഎസ് നടത്തിവരുന്ന പ്രവർത്തനങ്ങളിൽ രാജ്യാന്തര സഹകരണം വിപുലീകരിക്കാൻ ഈ യുആർട്ടിക് അംഗത്വം പ്രയോജനപ്പെടുമെന്ന് സമ്മേളനത്തിൽ പങ്കെടുത്ത വൈസ് ചാൻസലർ ഡോ. സി.ടി അരവിന്ദകുമാർ പറഞ്ഞു. ധ്രുവ മേഖലയിൽനിന്ന് അഞ്ചും ധ്രുവമേഖലയ്ക്ക് പുറത്തുനിന്ന് 11ഉം അംഗങ്ങളെയാണ് യുആർട്ടിക്കിൽ പുതിയതായി ഉൾപ്പെടുത്തിയത്.

യുകെയിലെ ലിവർ പൂൾ, സ്റ്റിർലിംഗ്, വെസ്റ്റ്മിൻസ്റ്റർ, ഹൾ സർവകലാശാലകൾക്കും റോയൽ കോളജ് ഓഫ് ആർട്ടിനുമൊപ്പം നോൺ ആർട്ടിക് പട്ടികയിലാണ് ഐസിപിഎസ് ഇടം പിടിച്ചത്.
ചെന്നൈയിലെ ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റി ഉൾപ്പെടെ നാല് ഇന്ത്യൻ സർവകലാശാലകൾക്കു മാത്രമാണ് യുആർട്ടിക്കിൽ ഇപ്പോൾ അംഗത്വമുള്ളത്.

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെൻറൽ സയൻസസ്, സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആൻറ് പൊളിറ്റിക്സ്, ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻറ് എക്സ്റ്റൻഷൻ എന്നിവയുടെ സംയുക്ത കേന്ദ്രമായി 2022ലാണ് ഐസിപിഎസ് പ്രവർത്തനമാരംഭിച്ചത്.

ധ്രുവ മേഖലകളിലെ ശാസ്ത്ര, സാമൂഹ്യശാസ്ത്ര പഠനങ്ങളിൽ ഈ കേന്ദ്രം സജീവമാണ്. ഐസിപിഎസ് ഡയറക്ടറായ വൈസ് ചാൻസലർ ഉൾപ്പെടെയുള്ള ഇവിടുത്തെ വിദഗ്ധർ ആർട്ടിക് പഠന പര്യവേക്ഷണ പ്രവർത്തനങ്ങളിൽ പങ്കെടുത്തുവരുന്നു.

*ഫോട്ടോ- യുആർട്ടിക് ലോഗോ*

(പി.ആർ.ഒ/39/456/2024)

## എം.ജി ക്യാറ്റ്; പ്രൊവിഷണൽ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പഠന വകുപ്പുകളിലെയും ഇന്റർ സ്കൂൾ സെന്ററുകളിലെയും ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ പ്രവേശന പരീക്ഷ(ക്യാറ്റ്)യുടെ പ്രൊവിഷണൽ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു.

സ്പോർട്സ്, കൾച്ചറൽ ക്വാട്ടകളുടെയും ഇന്റർവ്യൂ, എഴുത്തു പരീക്ഷ, കായികക്ഷമത പരീക്ഷ എന്നിവയ്ക്കുശേഷം പ്രവേശനം നടത്തുന്ന വകുപ്പുകളുടെയും റാങ്ക് ലിസ്റ്റുകൾ പിന്നീട് പ്രസിദ്ധീകരിക്കും. കൂടുതൽ വിവരങ്ങൾ അതത് പഠന വകുപ്പുകളിൽനിന്ന് ലഭിക്കും.
(പി.ആർ.ഒ/39/457/2024)

## ഓണേഴ്സ് ബിരുദം; 14 വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിലും സർവകലാശാലാ കാമ്പസിലെ 4+1 പ്രോഗ്രാമുകളിലും ഏകജാലക പ്രവേശനത്തിന് ജൂൺ 14 വരെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താം. ഇതുവരെ അപേക്ഷ സമർപ്പിക്കാത്തവർക്കും ഫീസ് അടച്ചശേഷം അപേക്ഷ നൽകാൻ കഴിയാത്തവർക്കും ഈ അവസരം പ്രയോജനപ്പെടുത്താം. സ്പോർട്സ്, കൾച്ചറൽ, പി.ഡി ക്വാട്ടകളിൽ ഇനി അപേക്ഷിക്കാൻ കഴിയില്ല.

രജിസ്ട്രേഷൻ നടത്തിയവർക്ക് 14 വരെ ഓപ്ഷനുകൾ കൂട്ടിച്ചേർക്കുകയും ഒഴിവാക്കുന്നതിനും പുനഃക്രമീകരിക്കുകയും തിരുത്തലുകൾ വരുത്തുകയും ചെയ്യാം. പേര്, ആധാർ നമ്പർ, മൊബൈൽ നമ്പർ, ഇ മെയിൽ വിലാസം, പരീക്ഷാ ബോർഡ്, രജിസ്റ്റർ നമ്പർ, സംവരണ വിഭാഗം എന്നിവ ഒഴികെയുള്ള വിവരങ്ങളാണ് തിരുത്താൻ കഴിയുക.
(പി.ആർ.ഒ/39/458/2024)

## സ്പോർട്സ്, കൾച്ചറൽ പിഡി ക്വാട്ട; അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിൽ  സ്പോർട്സ്, കൾച്ചറൽ, പിഡി ക്വാട്ടകളിൽ പ്രവേശനത്തിനുള്ള അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. പട്ടികയിൽ ഉൾപ്പെടുന്നവർ കോളജുകളുമായി ബന്ധപ്പെട്ട് ജൂൺ 14ന് വൈകുന്നേരം നാലിനു മുൻപ് പ്രവേശനം നേടണം.
(പി.ആർ.ഒ/39/459/2024)

## എംബിഎ; ഇന്റർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിലെ 2024 ബാച്ച്  എം.ബി.എ പ്രോഗ്രാമിന്റെ ഗ്രൂപ്പ് ഡിസ്കഷനും ഇന്റർവ്യൂവും ജൂൺ 19 മുതൽ 21 വരെ നടത്തും. അറിയിപ്പ് വിദ്യാർഥികൾക്ക് ഇമെയിലിൽ അയച്ചിട്ടുണ്ട്. ഫോൺ- 0481-2733367.

(പി.ആർ.ഒ/39/460/2024)

## പരീക്ഷാ ഫലം

രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് ഇൻ ഇലക്ട്രോണിക്സ്, മാസ്റ്റർ ഓഫ് സയൻസ് ഇൻ അപ്ലൈഡ് ഇലക്ട്രോണിക്സ് പിജിസിഎസ്എസ്(സപ്ലിമെന്ററി മെഴ്സി ചാൻസ് ഓഗസ്റ്റ് 2023) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജൂൺ 26 വരെ ഓൺലൈനിൽ സമർപ്പിക്കാം.

....

ഒന്നാം സെമസ്റ്റർ എംപിഇഎസ്(2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റും സപ്ലിമെന്ററിയും, 2021 പ്രവേശനം സപ്ലിമെന്ററി ഫെബ്രുവരി 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജൂൺ 26ന് മുൻപ് പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ സമർപ്പിക്കണം.

.....................

(പി.ആർ.ഒ/39/461/2024)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ എംഎസ്സി ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ്-സിഎസ്എസ്)2022 അഡ്മിഷൻ റഗുലർ, 2019, 2020 അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 14 മുതൽ കോളജുകളിൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/462/2024)

## പരീക്ഷാ തീയതി

അഫിലിയേറ്റഡ് കോളജുകളിലെ ഒന്നാം സെമസ്റ്റർ എൽഎൽഎം പരീക്ഷ ജൂൺ 26ന് ആരംഭിക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/463/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**